"ഭരണഭാഷ-മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

സ്റ്റോർസ് പർച്ചേസ് - അച്ചടിയും സ്റ്റേഷനറിയും വകുപ്പ് - എറണാകുളം ഗവൺമെന്റ് പ്രസ്സിൽ പുതുതായി സ്ഥാപിച്ചിട്ടുള്ള സി.റ്റി.പി. മെഷീന്റെ ഉദ്ഘാടനത്തിന് ആവശ്യമായ തുക അനുവവദിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**സ്റ്റോർസ് പർച്ചേസ് (സി) വകുപ്പ്**

സ.ഉ.(സാധാ) നം.27/2022/SPD തീയതി,തിരുവനന്തപുരം, 12-07-2022

---

പരാമർശം:-
1. അച്ചടി വകുപ്പ് ഡയറക്ടറുടെ 26/04/2022 തീയതിലെ PTGD/748/2022-G3 നമ്പർ കത്ത്.
2. അച്ചടി വകുപ്പ് ഡയറക്ടറുടെ 21/06/2022 തീയതിലെ 902/2020/ജി നമ്പർ കത്ത്.

**ഉത്തരവ്**

എറണാകുളം ഗവൺമെന്റ് പ്രസ്സിൽ പുതുതായി സ്ഥാപിച്ചിട്ടുള്ള സി.റ്റി.പി. മെഷീന്റെ ട്രയൽ റൺ പൂർത്തിയായതായും 73 ലക്ഷം രൂപയോളം വിലയുള്ള ടി മെഷീൻ അച്ചടി ജോലികൾക്ക് ഉപയോഗിക്കാൻ സജ്ജമാണെന്നും ടി മെഷീൻ വളരെ നൂതനവും ആധുനികവുമായതാണെന്നും വളരെ സവിശേഷമായ മെഷീനാണെന്നും ആയതിനാൽ യുക്തമായ രീതിയിൽ ഉദ്ഘാടനം ചെയ്യണമെന്നും ബഹു. മുഖ്യമന്ത്രി ഉദ്ഘാടനം നിർവ്വഹിക്കണമെന്നും ടി ഉദ്ഘാടനത്തിന്റെ ചെലവിനായി ബന്ധപ്പെട്ട "2058-00-103-99-05(04)" എന്ന ശീർഷകത്തിൽ നിലവിലുള്ള തുകയിൽ നിന്ന് മേൽപ്പറഞ്ഞ ചെലവ് വഹിക്കാവുന്നതാണെന്നും മേൽ സാഹചര്യത്തിൽ ഉദ്ഘാടനത്തിന് ചെലവ് പ്രതീക്ഷിക്കുന്ന 1,00,000/- രൂപ (ഒരു ലക്ഷം രൂപാ മാത്രം) ചെലവാക്കുന്നതിനു ആവശ്യമായ ഭരണാനുമതി അനുവദിച്ചുത്തരവാകണമെന്നും പരാമർശിത കത്ത് പ്രകാരം അച്ചടി വകുപ്പ് ഡയറക്ടർ അഭ്യർത്ഥിച്ചിരുന്നു.

(2) സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. അച്ചടി വകുപ്പ് ഡയറക്ടറുടെ പരാമർശിത ശിപാർശയുടെ അടിസ്ഥാനത്തിൽ അച്ചടി വകുപ്പിന് കീഴിലുള്ള എറണാകുളം ഗവൺമെന്റ് പ്രസ്സിൽ പുതുതായി സ്ഥാപിച്ചിട്ടുള്ള സി.റ്റി.പി. മെഷീന്റെ ഉദ്ഘാടനത്തിന് ഒരു ലക്ഷം രൂപയിൽ കവിയാത്ത തുക "2058-00-103-99-05(04)" എന്ന ശീർഷകത്തിൽ നിന്നും നടപടിക്രമങ്ങൾ പാലിച്ചു കൊണ്ട് ചെലവഴിക്കുന്നതിന് അനുമതി ഉത്തരവ് പുറപ്പെടുവിക്കുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
ഗീതാലക്ഷ്മി എം ബി
അഡിഷണൽ സെക്രട്ടറി

പകർപ്പ്:-
അച്ചടി വകുപ്പ് ഡയറക്ടർ, തിരുവനന്തപുരം.
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ഓഡിറ്റ്) കേരളം, തിരുവനന്തപുരം.

അക്കൗണ്ടന്റ് ജനറൽ (എ & ഇ) കേരളം, തിരുവനന്തപുരം.
ധനകാര്യ വകുപ്പ്/വെബ് & ന്യൂ മീഡിയ
കരുതൽ ഫയൽ/ഓഫീസ് കോപ്പി.

ഉത്തരവിൻ പ്രകാരം
Signed by Bindu V K
Date: 12-07-2022 10:35:11
സെക്ഷൻ ഓഫീസർ